പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *138 — 16.03.2015 -ലെ മറുപടിയ്ക്ക്

## കാർഷികകടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കാർഷികകടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം കാലാവധി അവസാനിച്ചുവോ; | (എ) | സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക കടങ്ങളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയത്തിന്റെ കാലയളവ് 30-05-2014 - ലെ സ. ഉ. (എംഎസ്.) നം.224/14/റവ ഉത്തരവ് പ്രകാരം 15-02-2015 - ന് അവസാനിച്ചിട്ടുണ്ട്. |
| (ബി) | മൊറട്ടോറിയം പ്രഖ്യാപിക്കുവാൻ ഇടയായ സാഹചര്യങ്ങളിൽ മാറ്റം വന്നതായി കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇല്ലെങ്കിൽ മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം കർഷകർക്കുള്ള വായ്പാ ലഭ്യതയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്രസർക്കാർ തീരുമാനം മാദ്ധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ